**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3088** **18-03-2022 - ൽ മറുപടിയ്ക്ക്**

**ഉൾനാടൻ ജനകീയ മത്സ്യകൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉൾനാടൻ ജനകീയ മത്സ്യ കൃഷിക്ക് പ്രത്യേക നയം രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഉൾനാടൻ ജനകീയ മത്സ്യ കൃഷിക്കാർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. മത്സ്യകൃഷി പ്രവർത്തനങ്ങൾ വ്യാപകമായി നടപ്പിലാക്കിയതിന്റെ ഫലമായി ചില പ്രദേശങ്ങളിൽ മത്സ്യത്തിന്റെ വില ഗണ്യമായി കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ ചിക്കൻവേസ്റ്റ് അടക്കമുള്ളവ തീറ്റയായി നൽകി ഉൽപ്പാദിപ്പിക്കുന്ന ഗുണനിലവാരം കുറഞ്ഞ മത്സ്യം അന്യ സംസ്ഥാനത്തിൽ നിന്ന് വരികയും, താരതമ്യേന വളരെ കുറഞ്ഞ വിലയ്ക്ക് വിൽക്കുന്നത് ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് കൃഷി ചെയ്യുന്ന കർഷകർക്ക് വിപണി നഷ്ടപ്പെടുന്നതിന് കാണമാകുന്നുണ്ട്. ഇത് മത്സ്യകർഷകരെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. ഗുണനിലവാരമില്ലാത്ത മത്സ്യവിത്തുകൾ വ്യാപകമായി പല സ്ഥലങ്ങളിലും വിതരണം ചെയ്യുകയും ഉയർന്ന വില കൊടുത്ത് ഇവ വാങ്ങുന്ന കർഷകർ കബളിപ്പിക്കപ്പെടുന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (സി) | ഉൾനാടൻ ജനകീയ മത്സ്യ കൃഷിയിൽ ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | മത്സ്യകൃഷിയിൽ ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിനായി മത്സ്യ കർഷക ഉൽപ്പാദക സംഘങ്ങൾ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി ബോധവൽക്കരണ ക്ലാസ്സുകൾ നാഷണൽ കോ-ഓപ്പറേറ്റീവ് ഡെപവലപ്പ്മെൻറ് കോർപ്പറേഷന്റെ സഹായത്തോടെ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ സംസ്ഥാനതല ഉത്ഘാടനം എറണാകുളം ജില്ലയിൽ നടത്തുകയും, ആലപ്പുഴ ജില്ലയിൽ നേരിട്ടും കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ ഓൺലൈൻ ആയും ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജനയുടെ കീഴിൽ അക്വാകൾച്ചർ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാകുന്നതിന് 10 |

| | | | |
|---|---|---|---|
| | | | മത്സ്യ സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | ഉൾനാടൻ മത്സ്യ കർഷകരെ സഹായിക്കാൻ മത്സ്യ കർഷക സഹകരണ സംഘം ആരംഭിക്കാൻ സർക്കാർ തലത്തിൽ ആലോചനയുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | ഉണ്ട്. പി.എം.എം.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലകളിലും മത്സ്യ കർഷക ഉൽപ്പാദക സംഘങ്ങൾ രൂപീകരിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിലെ സംസ്ഥാന സഹകരണ ആക്ട് പ്രകാരമാണ് ഇവ രജിസ്റ്റർ ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഒരു മത്സ്യ കർഷക ഉൽപ്പാദക സംഘത്തിൽ കുറഞ്ഞത് 100 മത്സ്യ കർഷകർ അംഗങ്ങളായി ഉണ്ടായിരിക്കുന്നതാണ്. എൻ.സി.ഡി.സി യുടെ സഹായത്തോടെ മത്സ്യ കർഷക ഉൽപ്പാദക സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ